**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 966** **12-06-2024 - ൽ മറുപടിയ്ക്ക്**

**ലയൺ സഫാരി പാർക്ക് മാറ്റി സ്ഥാപിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പാറശ്ശാല മണ്ഡലത്തിലെ നെയ്യാർ വന്യജീവി സങ്കേതത്തിലെ ലയൺ സഫാരി പാർക്ക് പുതിയ സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപിച്ച് പ്രവർത്തിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ആയതിന്റെ വിവരം ലഭ്യമാക്കാമോ; | (എ) | കേന്ദ്രമൃഗശാല അതോറിറ്റിയുടെ 21.11.1996 ലെ യോഗത്തിൽ അംഗീകരിച്ച മാർഗ്ഗ നിർദ്ദേശ പ്രകാരം ലയൺ സഫാരി പാർക്കിന് കുറഞ്ഞത് 20 ഹെക്ടർ സ്ഥലം ആവശ്യമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. നെയ്യാർ ലയൺ സഫാരി പാർക്ക് പ്രവർത്തിച്ചിരുന്നത് നാല് ഹെക്ടർ മാത്രമുള്ള സ്ഥലത്തായതിനാൽ ടി പാർക്കിന്റെ അംഗീകാരം കേന്ദ്ര വനം-പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് സെക്രട്ടറിയുടെ 22.06.2022 ലെ 26-1/2019-CZA(pt) നമ്പർ ഉത്തരവ് പ്രകാരം അന്തിമമായി റദ്ദ് ചെയ്തിട്ടുള്ളതാണ്. ആയതിനാൽ ടി പാർക്ക് നിലവിൽ പ്രവർത്തനരഹിതമാണ്. തുടർന്ന്, 26.09.2023 ന് തിരുവനന്തപുരം ജില്ലയിൽ നടന്ന മേഖലാവലോകന യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നെയ്യാർ ലയൺ സഫാരി പാർക്ക് നെയ്യാർ വന്യജീവിസങ്കേതത്തിന്റെ സമീപ സ്ഥലമായ നെട്ടുകാൽത്തേരി തുറന്ന ജയിൽ വളപ്പിലുള്ള 20 ഹെക്ടർ സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായെങ്കിലും ജയിൽ വളപ്പിൽ നിന്നും 20 ഹെക്ടർ സ്ഥലം വനം വകുപ്പിന് കൈമാറുന്നതിനും ടി സ്ഥലത്തേക്ക് നെയ്യാർ ലയൺ സഫാരി പാർക്ക് മാറ്റി സ്ഥാപിക്കുന്നതിനുമുള്ള പ്രൊപ്പോസലിനു അംഗീകാരം നല്കുകയുണ്ടായില്ല. ആയതിന് ബദലായി പുതുക്കിയ പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് പ്രകാരം അനുയോജ്യമായ 20 ഹെക്ടർ സ്ഥലം കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ലയൺ സഫാരി പാർക്ക് പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ നയം നെയ്യാർ വന്യജീവി സങ്കേതത്തിലെ ലയൺ സഫാരി പാർക്ക് | (ബി) | കേന്ദ്രമൃഗശാല അതോറിറ്റിയുടെ 21.11.1996 ലെ യോഗത്തിൽ അംഗീകരിച്ച മാർഗ്ഗ നിർദ്ദേശ പ്രകാരം ലയൺ സഫാരി പാർക്കിന് കുറഞ്ഞത് 20 ഹെക്ടർ സ്ഥലം ആവശ്യമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. നെയ്യാർ ലയൺ സഫാരി പാർക്ക് |

| | | | |
|---|---|---|---|
| | പ്രവർത്തിക്കുന്നതിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; വിശദ വിവരം അറിയിക്കാമോ; | | പ്രവർത്തിച്ചിരുന്നത് നാല് ഹെക്ടർ മാത്രമുള്ള സ്ഥലത്തായതിനാൽ ടി പാർക്കിന്റെ അംഗീകാരം കേന്ദ്ര വനം-പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് സെക്രട്ടറിയുടെ 22.06.2022 ലെ 26-1/2019-CZA(pt) നമ്പർ ഉത്തരവ് പ്രകാരം അന്തിമമായി റദ്ദ് ചെയ്തിട്ടുള്ളതാണ്. ആയതിനാൽ ടി പാർക്ക് നിലവിൽ പ്രവർത്തനരഹിതമാണ്. തുടർന്ന്, 26.09.2023 ന് തിരുവനന്തപുരം ജില്ലയിൽ നടന്ന മേഖലാവലോകന യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നെയ്യാർ ലയൺ സഫാരി പാർക്ക് നെയ്യാർ വന്യജീവിസങ്കേതത്തിന്റെ സമീപ സ്ഥലമായ നെട്ടുകാൽത്തേരി തുറന്ന ജയിൽ വളപ്പിലുള്ള 20 ഹെക്ടർ സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായെങ്കിലും ജയിൽ വളപ്പിൽ നിന്നും 20 ഹെക്ടർ സ്ഥലം വനം വകുപ്പിന് കൈമാറുന്നതിനും ടി സ്ഥലത്തേക്ക് നെയ്യാർ ലയൺ സഫാരി പാർക്ക് മാറ്റി സ്ഥാപിക്കുന്നതിനുമുള്ള പ്രൊപ്പോസലിനു അംഗീകാരം നല്കുകയുണ്ടായില്ല. ആയതിന് ബദലായി പുതുക്കിയ പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് പ്രകാരം അനുയോജ്യമായ 20 ഹെക്ടർ സ്ഥലം കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത ലയൺ സഫാരി പാർക്കിലേയ്ക്ക് പുതുതായി സിംഹങ്ങളെ കൊണ്ടു വരുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദ വിവരം അറിയിക്കാമോ? | (സി) | ഇല്ല. കേന്ദ്ര മൃഗശാല അതോറിറ്റി 21.11.1996-ൽ അംഗീകരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ലയൺ സഫാരി പാർക്ക് പ്രവർത്തിക്കുന്നതിന് കുറഞ്ഞത് 20 ഹെക്ടർ സ്ഥല വിസ്തൃതി ആവശ്യമാണ്. ടി കാരണം ചുണ്ടിക്കാട്ടി നെയ്യാർ ലയൺ സഫാരി പാർക്കിന്റെ അനുമതി റദ്ദ് ചെയ്തിട്ടുള്ളതും ആയതിനാൽ ടി പാർക്ക് നിലവിൽ പ്രവർത്തന രഹിതവുമാണ്. നിലവിൽ ടി പാർക്കിൽ സിംഹങ്ങളെ പാർപ്പിച്ചിട്ടില്ല. മേൽ സാഹചര്യത്തിൽ പുതുതായി സിംഹങ്ങളെ ഇവിടേക്ക് കൊണ്ടുവരുന്നത് നിലവിലുള്ള ചട്ടങ്ങൾ പ്രകാരം അനുവദനീയമല്ല. |

സെക്ഷൻ ഓഫീസർ